# കാർഷിക മേഖലയിൽ ജന്മിത്തം തിരിച്ചുവരുന്നു

അഡ്വ. ആർ. സജു

ഇന്ത്യയിലെ ചെറുകിട കർഷകർക്ക് ഇനി ദുരിതത്തിന്റെ നാളുകളാണ്. ആഗോളവത്കരണം അവർക്ക് മരണത്തിലേക്കുള്ള വാതിലുകൾ തുറന്നിട്ടുകൊടുത്തിരിക്കുകയാണ്. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ചെറുകിട കൃഷിക്കാർ നേരിടേണ്ടിവന്നതിനേക്കാളും വലിയ പ്രതിസന്ധി അവരെ കാത്തിരിക്കുന്നു.

19-ാം നൂണ്ടാണ്ടിന്റെ മധ്യത്തിൽ അധിനിവേശ ശക്തി ഇന്ത്യ കീഴടക്കിയപ്പോൾ ഇവിടെ കാർഷിക വരുമാനം മിച്ചമുണ്ടായിരുന്നു. നിലനിന്നിരുന്ന ഈ കാർഷിക വരുമാനമിച്ചം 1920-കളോടെ പൂർണമായും ഇല്ലാതായി. കൃഷിയിൽ ബ്രിട്ടീഷുകാരുടെ ഇടപെടൽ മൂലമാണ് ഇതു സംഭവിച്ചത്.

## ഇന്ത്യയുടെ കാർഷികാടിത്തറ തകർന്നതെങ്ങിനെ

ബ്രിട്ടീഷുകാർക്ക് യഥേഷ്ടം വ്യാവസായിക അസംസ്കൃത പദാർഥങ്ങൾ ലഭിക്കുന്നതിനുവേണ്ടി ഇവിടെ പരുത്തിയുടെയും ഇൻഡിക്കയുടെയും ഉത്പാദനത്തെ പ്രോത്സാഹിപ്പിച്ചു. ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിച്ചുകൊണ്ടിരുന്ന ഭൂമിയാണ് ഇതിനുവേണ്ടി വിനിയോഗിച്ചത്. ക്രമേണ ചെറുകിട കർഷകരും കർഷക തൊഴിലാളികളും അവർ കൃഷിചെയ്തിരുന്ന മണ്ണിൽനിന്നും അന്യവത്കരിക്കപ്പെട്ടു. ഭൂമി മുഴുവൻ വൻകിട ഭൂവുടമകളുടെ കൈയ്യിലായി. ഭൂനികുതിയിലൂടെ കഴിയുന്നത്ര ധനം സമാഹരിക്കാൻ ജന്മിമാരുടെ ഭൂവിസ്തൃതി വർധിപ്പിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് പരമാവധി സഹായിച്ചു. കാടുകൾ വെട്ടി തോട്ടങ്ങളാക്കി. ഇതുമൂലം പുതിയ കൃഷി

(ശേഷം അഞ്ചാം പേജിൽ)

# കാർഷിക മേഖലയിൽ ജന്മിത്വം തിരിച്ചുവരുന്നു

ഒന്നാം പേജ് തുടർച്ച

ഭൂമി സൃഷ്ടിക്കാനുള്ള ചെറുകിട കർഷകരുടെ അവസരവും തടസപ്പെട്ടു. ബ്രിട്ടീഷുകാർക്കും ജന്മിമാർക്കും കൂടുതൽ ലാഭം കൊയ്യാൻ കഴിയുന്ന നാണ്യവിളകൾ കൃഷിചെയ്യാൻ, ഭൂമിയിന്മേലുള്ള അവകാശം നഷ്ടപ്പെട്ട കുടിയാന്മാരും അടിമകളുമായി മാറിയ ചെറുകിട കർഷകർ നിർബന്ധിതരായി.

ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന ഭൂമിയിൽ പരുത്തിയും ഇഞ്ചിയും കൃഷിചെയ്തതുമൂലം ഭക്ഷ്യക്ഷാമമുണ്ടായി. വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ അമിതമായ ഉത്പാദനംമൂലം നാമമാത്ര വിലപോലും കർഷകർക്ക് ലഭിക്കാതെ വന്നു. ഇന്ത്യൻ കാർഷിക മേഖലയുടെ അടിത്തറ തകർന്നത് ഇവിടെനിന്നുമായിരുന്നു.

## ആക്രമണം ആഗോളവത്കരണത്തിലൂടെ

ഇപ്പോൾ ആഗോളവത്കരണം ഏറ്റവും കൂടുതൽ ഭീഷണി ഉയർത്തുന്നതും ചെറുകിട കർഷകർക്കു നേരെയാണ്. സ്വാതന്ത്ര്യാനന്തരം കർഷക സമരങ്ങളിലൂടെയും ഭൂപരിഷ്കരണത്തിലൂടെയും ഭൂദാനത്തിലൂടെയും മറ്റ് സാമൂഹിക സാമ്പത്തിക പരിഷ്കരണങ്ങളിലൂടെയും ഇന്ത്യയിലെ ചെറുകിട കർഷകരുടെ എണ്ണം ഗണ്യമായി വർധിച്ചു. ഇപ്പോൾ ജനസംഖ്യയുടെ ബഹുഭൂരിപക്ഷം വരുന്ന വിഭാഗമാണ് ചെറുകിട കർഷകർ. ആഗോളവത്കരണം മൂലമുള്ള ബഹുമുഖമായ ആക്രമണത്തിന് അവർ ഇപ്പോൾ വിധേയമായിക്കൊണ്ടിരിക്കുന്നു.

## അമേരിക്ക കരാർ ലംഘിച്ചാൽ ചോദിക്കാനാളില്ല!

നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും വിലയിടിവും സബ്സിഡികളുടെയും മറ്റ് സഹായപദ്ധതികളുടെ അഭാവവുമാണ് ഇപ്പോൾ കർഷകർ നേരിടുന്ന ദുരിതത്തിനു കാരണം. വിലയിടിവിന് പ്രധാന കാരണം ഇറക്കുമതിയാണ്. വികസിത രാജ്യങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ കാർഷികോത്പാദനം അമിതമായി നടത്തുന്നു. ഗാട്ട് കരാറിലൂടെ സബ്സിഡി പതിനഞ്ചു ശതമാനമായി പരിമിതപ്പെടുത്തണമെന്നത് എല്ലാ അംഗരാജ്യങ്ങൾക്കും ബാധകമാണ്. വികസിത രാജ്യങ്ങൾ മറ്റു പല മാർഗങ്ങളിലൂടെ സബ്സിഡി നല്കിവരുന്നു. 1997-ൽ അമേരിക്ക ഗോതമ്പ് കർഷകർക്ക് 86 ശതമാനമാണ് സബ്സിഡി നല്കിയത്. ഭക്ഷ്യധാന്യങ്ങൾ അമിതമായി ഉത്പാദിപ്പിക്കുന്നതിനുവേണ്ടി അഗ്രികൾച്ചറൽ അഡ്ജസ്റ്റ്മെന്റ് ആക്ടിലൂടെ വിവിധ സഹായങ്ങൾ നല്കിവരുന്നു.

അമിതമായി ഉത്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ വാണിജ്യപരമായ കയറ്റുമതിക്കുശേഷം അവശേഷിക്കുന്നത് പബ്ലിക് 480 എന്ന സംവിധാനത്തിലൂടെ ഗവൺമെന്റ് ഏറ്റെടുത്ത് അവ ഉത്പാദിപ്പിക്കുന്ന രാജ്യങ്ങൾക്ക് ഭക്ഷ്യസഹായമായി നല്കുന്നു.



ഗാട്ട് ഉടമ്പടിയിൽ ഒപ്പിട്ട ഇന്ത്യയെപ്പോലെ ഒരു വികസ്വരരാജ്യം ഉടമ്പടിയിൽ ഒരു ചെറിയ ലംഘനം വരുത്തിയാൽ ഡബ്ല്യു.ടി.ഒ. (വേൾഡ് ട്രേഡ് ഓർഗനൈസേഷൻ) തർക്കപരിഹാര ഫോറത്തിലൂടെ ഉടനടി നടപടി വരും. അമേരിക്കയുടെ മേൽപ്പറഞ്ഞ ലംഘനങ്ങൾ ഇതുവരെ ആരും ചോദ്യംചെയ്തിട്ടില്ല എന്നതാണ് രസകരം.

## രാസവള-കീടനാശിനി വിപണിയായി മാറുന്ന ഇന്ത്യ

ഇന്ത്യയിലെ ചെറുകിട കാർഷിക മേഖല മനുഷ്യാധ്വാന കേന്ദ്രീകൃതമായിരുന്നു. ഇന്നത് ഉന്നത നിക്ഷേപം അനിവാര്യമായ മേഖലയായി മാറിയിരിക്കുന്നു. യന്ത്രവത്കൃത സാങ്കേതിക വിദ്യ, രാസവളങ്ങൾ, കീടനാശിനികൾ, സങ്കരവിത്തുകൾ, വൈദ്യുതി എന്നിവ ഒന്നുമില്ലാതെ കൃഷിപ്പണി മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല എന്നായിരിക്കുന്നു. ഈ മാറ്റംകൊണ്ട് നേട്ടമുണ്ടാക്കുന്നതോ ബഹുരാഷ്ട്ര കുത്തകകളും. കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം ഏറ്റവും കുറഞ്ഞ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇവിടെ കാർഷിക ഉത്പാദനത്തിന്റെ 20 ശതമാനവും കീടങ്ങൾ നശിപ്പിക്കുന്നു. കീടനാശിനികളായി 50 ശതമാനവും ഉപയോഗിക്കുന്നത് ഡി.ഡി.ടി.യും ബി.എച്ച്.സി.യും [illegible]

സമീപഭാവിയിൽ ബഹുരാഷ്ട്ര കുത്തകകളുടെ ഏറ്റവും വലിയ രാസവള-കീടനാശിനി വിപണിയായി ഇന്ത്യ മാറും. രണ്ടു വർഷങ്ങൾക്കു മുമ്പു തന്നെ ഇന്ത്യയിലെ വിത്തുവിപണി ബഹുരാഷ്ട്ര കുത്തകകളുടെ കൈയിലമർന്നുകഴിഞ്ഞു. അവർ തരുന്ന വിത്തുകളെ മാത്രം ആശ്രയിക്കേണ്ടി വരുന്ന അവസ്ഥയാണിപ്പോൾ (വിത്തിന്റെ പേറ്റന്റിനെക്കുറിച്ചും ടെർമിനേറ്റർ ജീനിനെക്കുറിച്ചും 'കേരളീയം' മുൻ ലക്കങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്).

## കുത്തകകൾക്ക് ഒത്താശയുമായി ലോക വ്യാപാര സംഘടന

ഇന്ത്യയിലെ കാർഷിക രംഗത്ത് എന്തും ചെയ്യാനുള്ള അവകാശവുമായാണ് ബഹുരാഷ്ട്ര കുത്തകകൾ വരുന്നത്. മൾട്ടി ലാറ്ററൽ ഇൻവെസ്റ്റ്മെന്റ് എഗ്രിമെന്റ് ഇതിന് നല്ല ഒരുദാഹരണമാണ്. ഗവൺമെന്റിനുമേൽ മേധാവിത്വം സ്ഥാപിച്ച് കാർഷികമേഖലയിൽ ബഹുരാഷ്ട്ര കുത്തകകൾക്ക് യഥേഷ്ടം വിഹരിക്കാം. ഇതിനെ നിയന്ത്രിക്കാൻ ഡബ്ല്യു.ടി.ഒ.യിൽ യാതൊരു പരിപാടിയുമില്ല. അതിപ്പോൾ ബഹുരാഷ്ട്ര കുത്തകകളുടെ താത്പര്യം സംരക്ഷിക്കുന്ന ഏജൻസിയായി മാറിക്കൊണ്ടിരിക്കുന്നു.

## കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന ചെറുകിട കർഷകർ

ബഹുരാഷ്ട്ര കോർപറേഷനുകൾക്കും വികസിത രാജ്യങ്ങൾക്കും കാർഷിക മേഖലയെന്നാൽ വിപണിയിലെ ഉത്പന്നങ്ങൾക്കുവേണ്ടി മാത്രമുള്ളതാണ്. രാജ്യത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തതയും കർഷകക്ഷേമവും അവരുടെ അജണ്ടയിൽ വരുന്നതേയില്ല. ഇന്ത്യയിലാകട്ടെ മാറിമാറി വരുന്ന ഗവൺമെന്റുകൾ കാർഷിക മേഖലയെ ശിഥിലമാക്കാനുതകുന്ന നിയമങ്ങൾ മത്സരിച്ചുണ്ടാക്കുന്നു. കാർഷികോത്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള സ്പെഷ്യൽ ഇംപോർട്ട് ലൈസൻസും ക്വാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷനും 2003 ഓടെ പൂർണമായും ഇല്ലാതാകും. ഇപ്പോൾ കാർഷിക ഉത്പന്നങ്ങൾ ഉൾപ്പെടെ 665 ഇനങ്ങൾക്ക് മാത്രമാണ് ക്വാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷൻ നിലവിലുള്ളത്.

ഭീമമായ കൃഷിച്ചെലവും ഉത്പന്നങ്ങളുടെ വിലയിടിവുംമൂലം ചെറുകിട കർഷകർ കൃഷി ഉപേക്ഷിക്കുന്ന അവസ്ഥയിലേക്കാണ് നീങ്ങുന്നത്. ഉന്നത നിക്ഷേപവും ഉയർന്ന സാങ്കേതിക വിദ്യയും ഉപയോഗിച്ച് വൻകിട ഭൂ ഉടമകൾ ഈ രംഗത്തേക്ക് തിരിച്ചുവരുന്നു. ഇതുമൂലം നമ്മുടെ കാർഷിക വൈവിധ്യവും ഭക്ഷ്യസുരക്ഷിതത്വും തകിടം മറിയും. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ചെറുകിട കർഷകർ നിത്യദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെടും.